**പതിനഞ്ചാം കേരള നിയമസഭ**
**(FIFTEENTH KERALA LEGISLATIVE ASSEMBLY)**

**സബ്ജക്ട് കമ്മിറ്റി IX**
**(SUBJECT COMMITTEE IX)**

**(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും)**

**(LOCAL ADMINISTRATION, RURAL DEVELOPMENT AND HOUSING)**

# 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്]

2024 ജൂലൈ 8-ാം തീയതി സമർപ്പിച്ചത്
(Presented on 8th July 2024)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2024

SAR/2024

**പതിനഞ്ചാം കേരള നിയമസഭ**
**(FIFTEENTH KERALA LEGISLATIVE ASSEMBLY)**

**സബ്ജക്ട് കമ്മിറ്റി IX**
**(SUBJECT COMMITTEE IX)**

**(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും**
**ഭവന നിർമ്മാണവും)**
**(LOCAL ADMINISTRATION, RURAL DEVELOPMENT AND HOUSING)**

# 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും
സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം
ഉപചട്ടപ്രകാരമുള്ളത്]

SAR/2024

ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | : | v |
| അവതാരിക | : | vii |
| റിപ്പോർട്ട് | : | I |

## സബ്ജക്റ്റ് കമ്മിറ്റി IX
## (തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും)
## (2023-26)

### ഘടന

**അദ്ധ്യക്ഷൻ** :

ശ്രീ. എം. ബി. രാജേഷ്,
തദ്ദേശസ്വയംഭരണ എക്സൈസ് പാർലമെന്ററികാര്യ വകുപ്പുമന്ത്രി.

**എക്സ് - ഒഫീഷ്യോ അംഗങ്ങൾ:**

ശ്രീ. കെ. രാജൻ,
റവന്യൂ, ഭവനനിർമ്മാണ വകുപ്പുമന്ത്രി.

ശ്രീ. വി. അബ്ദുറഹിമാൻ,
ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്,
ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി.

**അംഗങ്ങൾ:**

ശ്രീ. എൻ. കെ. അക്ബർ

ശ്രീ. പി. ബാലചന്ദ്രൻ

ശ്രീമതി കാനത്തിൽ ജമീല

ശ്രീ. എ. സി. മൊയ്തീൻ

ശ്രീ. വി. കെ. പ്രശാന്ത്

ശ്രീ. റോജി എം. ജോൺ

ശ്രീ. പി. ഉബൈദുള്ള

ശ്രീ. ടി. ജെ. വിനോദ്

**നിയമസഭാ സെക്രട്ടേറിയറ്റ്**

ശ്രീ. എൻ. കൃഷ്ണകുമാർ, സെക്രട്ടറി

ശ്രീമതി രജനി വി. ആർ., ജോയിന്റ് സെക്രട്ടറി

ശ്രീ. ഹരിശങ്കർ പി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ഹരീന്ദ്രൻ കെ., അണ്ടർ സെക്രട്ടറി

# അവതാരിക

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) പ്രകാരം സമിതി അധ്യക്ഷനായ ഞാൻ സമർപ്പിക്കുന്നു.

2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ മൂന്നാമത് റിപ്പോർട്ട് 2023 ഫെബ്രുവരി 27-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭ്യമാക്കിയ നടപടി പത്രികകൾ സമിതിയുടെ 04.07.2024-ാം തീയതിയിലെ യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ഈ റിപ്പോർട്ട് രണ്ട് ഭാഗങ്ങളായാണ് തയ്യാറാക്കിയിരിക്കുന്നത്. ഒന്നാം ഭാഗത്തിൽ 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും രണ്ടാം ഭാഗത്തിൽ സർക്കാരിൽ നിന്നും മറുപടി ലഭിക്കാത്ത ശിപാർശകളുടെ വിവരങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു.

2024 ജൂലൈ 4-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

**ശ്രീ. എം. ബി. രാജേഷ്,**
**അദ്ധ്യക്ഷൻ,**
**സബ്ജക്ട് കമ്മിറ്റി IX.**

**തിരുവനന്തപുരം,**
**2024 ജൂലൈ 8.**

# റിപ്പോർട്ട്

## ഭാഗം I

2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളും അതിൻമേൽ സർക്കാർ സ്വീകരിച്ച നടപടികളും.

## ശിപാർശ

2216-05-053-97 - സംരക്ഷണവും അറ്റകുറ്റപ്പണികളും

01 - സംരക്ഷണവും അറ്റകുറ്റപ്പണികളും

02 - പ്രത്യേക അറ്റകുറ്റപ്പണികൾ

03 - വൈദ്യുതി സാമഗ്രികളുടെ സംരക്ഷണം

കരാറുകാർക്ക് കൊടുക്കുവാനുള്ള 7.50 കോടി രൂപ കൊടുത്തു തീർക്കുന്നതിനും പുതുതായി ഭരണാനുമതി നൽകിയിട്ടുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള ചെലവുകൾക്കുമായി നിലവിലെ ബജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 2 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 1)

## സ്വീകരിച്ച നടപടി

ആകെ ചെലവായത് 24,84,28,696/- രൂപയാണ്. ബഡ്ജറ്റ് വിഹിതത്തെക്കാൾ അധികമായ ചെലവ് ധനപുനഃവിനിയോഗം വഴി കണ്ടെത്തിയിട്ടുണ്ട്.

**ശിപാർശ**

2216-05-053-95 - തിരുവനന്തപുരം നഗരത്തിലെ മന്ത്രിമാരുടെ ക്വാർട്ടേഴ്സിന്റെ സംരക്ഷണവും അറ്റകുറ്റപ്പണികളും

01 - സാധാരണ അറ്റകുറ്റപ്പണികൾ

02 - പ്രത്യേക അറ്റകുറ്റപ്പണികൾ

03 - വൈദ്യുതി സാമഗ്രികളുടെ സംരക്ഷണം

കരാറുകാർക്ക് കൊടുക്കുവാനുള്ള 1.82 കോടി രൂപ കൊടുത്തു തീർക്കുന്നതുൾപ്പെടെയുള്ള ചെലവുകൾക്കായി ബഡ്ജറ്റ് വിഹിതത്തിനു പുറമെ മേൽ ശീർഷകത്തിൽ 1.50 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 2)

**സ്വീകരിച്ച നടപടി**

ആകെ ചെലവായത് 3,41,43,332/- രൂപയാണ്. ബഡ്ജറ്റ് വിഹിതത്തെക്കാൾ അധികമായ ചെലവ് ധനപുനഃവിനിയോഗം വഴി കണ്ടെത്തിയിട്ടുണ്ട്.

**ശിപാർശ**

2216-80-001-99 - ഹൗസിംഗ് കമ്മീഷണർ

05 - ഓഫീസ് ചെലവുകൾ

ഹൗസിംഗ് കമ്മീഷണറുടെ ഓഫീസ് അസിസ്റ്റന്റിനായി വർഷം 42,000/- രൂപയും, മറ്റിനങ്ങളിൽ 8,000/- രൂപയും അധികമായി ആവശ്യം വരുന്നതിനാൽ ബഡ്ജറ്റിൽ വകയിരുത്തിയ തുകയ്ക്ക് പുറമേ മേൽ ശീർഷകത്തിൽ 50,000/- രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 3)

**സ്വീകരിച്ച നടപടി**

2023-24 സാമ്പത്തിക വർഷത്തിൽ 2216-80-001-99-05 ഓഫീസ് ചെലവുകൾ എന്ന ശീർഷകത്തിൽ 33,000/- രൂപ അനുവദിച്ചിരുന്നു. കൂടാതെ AIS ഓഫീസർമാർക്ക് നൽകുന്ന AIS അലവൻസിനുവേണ്ടി അധിക ധനാഭ്യർത്ഥന വഴി 14,000/- രൂപയും അനുവദിച്ചിരുന്നു. അതിൽ 46,993/- രൂപ ചെലവഴിച്ചു.

**ശിപാർശ**

2216-80-001-99 - ഹൗസിംഗ് കമ്മീഷണർ

06 - വാടക, കരം, നികുതി

ഹൗസിംഗ് കമ്മീഷണറുടെ വീട്ടുവാടക ഇനത്തിൽ 3,60,000/- രൂപ ആവശ്യമായി വരുന്നതിനാൽ ബഡ്ജറ്റിൽ വകയിരുത്തിയ തുകയ്ക്കു പുറമേ 3.10 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 4)

**സ്വീകരിച്ച നടപടി**

2023-24 സാമ്പത്തിക വർഷത്തിൽ 2216-80-001-99-06 വാടക, കരം, നികുതി എന്ന ശീർഷകത്തിൽ 50,000/- രൂപ അനുവദിച്ചിരുന്നു. കൂടാതെ അധിക ധനാഭ്യർത്ഥന വഴി ഹൗസിംഗ് കമ്മീഷണർക്ക് വീട്ടുവാടക ഇനത്തിൽ 4,00,000/- രൂപ അനുവദിക്കുകയും, അതിൽ 3,00,000/- രൂപ ചെലവഴിക്കുകയും ചെയ്തു.

**ശിപാർശ**

2216-80-001-96 - ഹൗസിംഗ് കമ്മീഷണറുടെ ഓഫീസ് - കമ്പ്യൂട്ടർവൽക്കരണവും, ആധുനികവൽക്കരണവും

കേരളത്തിൽ ഭവനപദ്ധതികൾക്കായി ചെലവ് കുറഞ്ഞ മാതൃക രൂപീകരിക്കൽ എന്ന പദ്ധതിയ്ക്ക് 2023-24 സാമ്പത്തിക വർഷത്തിൽ 50 ലക്ഷം രൂപ വകയിരുത്തണമെന്ന് ആവശ്യപ്പെട്ടിരുന്നു. എന്നാൽ മേൽ ശീർഷകത്തിൽ 4 പദ്ധതി

ഘടകങ്ങൾക്കായി 55 ലക്ഷം രൂപ വകയിരുത്തിയതിൽ 10 ലക്ഷം രൂപ ഈ പദ്ധതിക്കായി അനുവദിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ നടത്തിപ്പിനായി 40 ലക്ഷം രൂപ കൂടി 2216-80-001-96 എന്ന ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 5)

**സ്വീകരിച്ച നടപടി**

2023-24 സാമ്പത്തിക വർഷത്തിൽ 2216-80-001-96 എന്ന ശീർഷകത്തിൽ 4 പദ്ധതി ഘടകങ്ങൾക്കായി 55 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകുകയും, ഈ 4 പദ്ധതി ഘടകങ്ങൾക്കുമായി 35,75,000/- രൂപ അലോക്കേറ്റ് ചെയ്യുകയുമുണ്ടായി.

ഇതിൽ ഉൾപ്പെട്ട ഒരു പദ്ധതി ഘടകമായ Formulation of Cost Effective Module എന്ന പദ്ധതിയ്ക്ക് 10 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകുകയും 7,98,757/- രൂപ ചെലവഴിക്കുകയും ചെയ്തു. ആയതിനാൽ അധിക തുക ആവശ്യമായി വന്നിട്ടില്ല.

കൂടാതെ മറ്റൊരു പദ്ധതി ഘടകമായ കമ്പ്യൂട്ടർവൽക്കരണവും, ആധുനിക വൽക്കരണവും, പദ്ധതിയ്ക്ക് 10 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകുകയും 9,35,300/- രൂപ ചെലവഴിക്കുകയുമുണ്ടായി.

**ശിപാർശ**

2216-80-001-95 - പരിശീലന പരിപാടി - സാങ്കേതിക സെൽ

ഭവനമേഖലയുമായി ബന്ധപ്പെട്ട് പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിന് ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 6)

**സ്വീകരിച്ച നടപടി**

2216-80-001-96 എന്ന ശീർഷകത്തിൽ പരിശീലന പരിപാടി സാങ്കേതിക സെൽ എന്ന പദ്ധതിയ്ക്കായി 5 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും അതിൽ നിന്നും 4,36,323/- രൂപ ചെലവഴിക്കുകയും ചെയ്തു.

**ശിപാർശ**

2216-80-001-93 - ഹൗസിംഗ് സ്റ്റാറ്റസ് സംബന്ധിച്ച് ജി.ഐ.എസ്. അടിസ്ഥാനമാക്കിയുള്ള വിവരങ്ങൾ

കേരളത്തിലെ ഭവനമേഖലയുടെ നിലവിലെ സ്ഥിതി വിലയിരുത്തുന്നതിനും ഇതിനനുസൃതമായി ഒരു Perspective Plan ഭവന മേഖലയ്ക്ക് രൂപകല്പന ചെയ്യുന്നതിനുമാണ് ഈ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ വിവിധങ്ങളായ ഭൂപ്രദേശങ്ങളിൽ സോഷ്യോ എക്കണോമിക് സർവ്വേ പുരോഗമിച്ചു വരികയാണ്. പദ്ധതി നിർവ്വഹണത്തിന് നടപ്പ് വർഷം 1 കോടി രൂപ ആവശ്യമായതിനാൽ മേൽ ശീർഷകത്തിൽ ശേഷിച്ച 40 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 7)

**സ്വീകരിച്ച നടപടി**

2216-80-001-93 എന്ന ശീർഷകത്തിൽ ഹൗസിംഗ് സ്റ്റാറ്റസ് സംബന്ധിച്ച് ജി.ഐ.എസ്. അടിസ്ഥാനമാക്കിയുള്ള വിവരങ്ങൾ എന്ന പദ്ധതിയ്ക്കായി 43 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകുകയും അതിൽ 39 ലക്ഷം രൂപ അലോക്കേറ്റ് ചെയ്തതിൽ നിന്നും 13,36,861/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

എന്നാൽ 20,69,755/- രൂപയുടെ ബിൽ Ways and Means clearance നായി കൊടുത്തിരുന്നുവെങ്കിലും കഴിഞ്ഞ സാമ്പത്തിക വർഷം clearance ലഭ്യമാകാത്തതിനാൽ തുക ചെലവഴിക്കാൻ സാധിച്ചിട്ടില്ല.

**ശിപാർശ**

2216-80-101-99 - നിർമ്മിതി കേന്ദ്രങ്ങൾ

നിർമ്മിതി കേന്ദ്രം മുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ നടത്തിപ്പിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 6 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 8)

**സ്വീകരിച്ച നടപടി**

നിർമ്മിതി കേന്ദ്രം വഴി നടപ്പാക്കുന്ന വിവിധ പദ്ധതികളുടെ നടത്തിപ്പിലേയ്ക്കായി റവന്യൂ ശീർഷകത്തിലും, മൂലധന ശീർഷകത്തിലുമായി ബഡ്ജറ്റ് വിഹിതമായി ലഭിച്ച 10 കോടി രൂപയിൽ ഉൾക്കൊള്ളിച്ചാണ് നിർമ്മിതി കേന്ദ്രം പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ളത് ഈ ശീർഷകത്തിൽ നിന്നും 306.13 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

**ശിപാർശ**

2216-80-101-98 - ലാറിബേക്കർ നിർമ്മിതി പരിശീലന ഗവേഷണ സ്ഥാപനം

ലാറിബേക്കർ നിർമ്മിതി പരിശീലന ഗവേഷണ സ്ഥാപനത്തിന്റെ ഹൗസിംഗ് പാർക്ക് നിർമ്മാണം, ലാബിഷാസ് ക്യാംപസ് നിർമ്മാണം, റിസർച്ച് ആന്റ് ഡവലപ്മെന്റ്, ഫിനിഷിംഗ് സ്കൂൾ, അവയർനസ് ആന്റ് പബ്ലിക്കേഷൻ എന്നീ ഇനങ്ങളിലുള്ള ചെലവുകൾ വഹിക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ല. ആയതിനാൽ മേൽ ശീർഷകത്തിൽ 5.5 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 9)

**സ്വീകരിച്ച നടപടി**

ബഡ്ജറ്റ് വിഹിതമായി ലഭിച്ച 3 കോടി രൂപയിൽ ഉൾക്കൊള്ളിച്ചാണ് നിർമ്മിതി കേന്ദ്രം പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ളത്. ഈ ശീർഷകത്തിൽ നിന്നും 26.89 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. അധിക വിഹിതം ആവശ്യമായി വന്നിട്ടില്ല.

**ശിപാർശ**

2216-80-103-99 - സംസ്ഥാനത്തെ ഹൗസിംഗ് ബോർഡ്

38 - ട്രെയിനിംഗ് പ്ലാൻ

സംസ്ഥാന ഭവന നിർമ്മാണ ബോർഡ് 2023-24 സാമ്പത്തിക വർഷം ട്രെയിനിംഗ് പ്ലാൻ പദ്ധതിക്കായി 325 ലക്ഷം രൂപ ആവശ്യപ്പെട്ടതിൽ

262 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ടി പദ്ധതിയുടെ നടത്തിപ്പിലേക്ക് മേൽ ശീർഷകത്തിൽ 63 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 10)

## സ്വീകരിച്ച നടപടി

2023-24 സാമ്പത്തിക വർഷം 262 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയതിൽ 50 ലക്ഷം രൂപ റിലീസ് ചെയ്ത് നൽകി. തുക പൂർണ്ണമായും വിനിയോഗിക്കാനുള്ള നടപടികൾ ബോർഡിൽ നിന്നും പൂർത്തീകരിച്ചുവെങ്കിലും തുക റിലീസ് ചെയ്ത് നൽകുന്നതിനുള്ള ധനവിനിയോഗ പരിധിയുടെ കാര്യത്തിൽ 31.03.2024 തീയതി വരെ ധനകാര്യ വകുപ്പിൽ നിന്നും ക്ലിയറൻസ് ലഭിക്കാത്ത സാഹചര്യത്തിൽ തുക resume ചെയ്തിരുന്നു.

കൂടാതെ 2022-23 സാമ്പത്തിക വർഷാവസാനം റിലീസ് ചെയ്ത് നൽകിയ 74 ലക്ഷം രൂപയും 2023-24 ൽ ചെലവഴിച്ചിട്ടുണ്ട്.

## ശിപാർശ

4216-01-106-98 - നിർമ്മാണം

03 - ഗവൺമെന്റ് ഉദ്യോഗസ്ഥർക്കുള്ള ഹോസ്റ്റൽ

16 - വൻകിട മരാമത്ത് പണികൾ

കേരള സംസ്ഥാനത്തെ ഭരണ നിർമ്മാണ ബോർഡിലെ വൻകിട മരാമത്തു പണികളിലെ കരാറുകാർക്ക് കൊടുത്തു തീർക്കുന്നതിനുള്ള കുടിശ്ശിക തുക ഉൾപ്പെടെയുള്ള ചെലവുകൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 11)

**<u>സ്വീകരിച്ച നടപടി</u>**

ആകെ ചെലവായത് 2,44,50,674/- രൂപയാണ്. ബഡ്ജറ്റ് വിഹിതത്തെക്കാൾ അധികമായ ചെലവ് ധനപുനഃവിനിയോഗം വഴി കണ്ടെത്തിയിട്ടുണ്ട്.

**<u>ശിപാർശ</u>**

4216-01-106-91 - <u>സർക്കാർ ജീവനക്കാർക്ക് കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ വാടകവീട് പദ്ധതി</u>

ഈ ശീർഷകത്തിൻ കീഴിൽ കോഴിക്കോട് ആർ.എച്ച്.എസ്. ഫോർ ഗവൺമെന്റ് എംപ്ലോയീസ് ഇൻ കെ.എസ്.എച്ച്.ബി. ഓൺഡ് ലാൻഡ് പദ്ധതി നടത്തിപ്പിന് തുക ആവശ്യപ്പെട്ടത് ബജറ്റിൽ വകയിരുത്തിയിട്ടില്ല. ആയതിനാൽ ടി പദ്ധതിയിലേക്ക് മേൽ ശീർഷകത്തിൽ 8.2959 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 12)

**<u>സ്വീകരിച്ച നടപടി</u>**

2023-24 സാമ്പത്തിക വർഷം 950 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തിയതിൽ 361 ലക്ഷം രൂപ അനുവദിച്ചു. 32.68 ലക്ഷം രൂപ വിനിയോഗിക്കാനുള്ള നടപടികൾ ബോർഡിൽ നിന്നും പൂർത്തീകരിച്ചുവെങ്കിലും 31.03.2024 തീയതിവരെ ധനകാര്യ വകുപ്പിൽ നിന്നും 11.51 ലക്ഷം രൂപയ്ക്ക് മാത്രമാണ് ക്ലിയറൻസ് ലഭിച്ചത്. 349.49 ലക്ഷം രൂപ സാമ്പത്തിക വർഷാവസാനം resume ചെയ്തിരുന്നു.

**<u>ശിപാർശ</u>**

4216-01-700-85 - <u>റവന്യൂ ഉദ്യോഗസ്ഥർക്കുള്ള ക്വാർട്ടേഴ്സ്</u>

(01) - <u>റവന്യൂ ഉദ്യോഗസ്ഥർക്കുള്ള ക്വാർട്ടേഴ്സ് നിർമ്മാണം</u>

കരാറുകാർക്ക് കൊടുത്ത് തീർക്കാനുള്ള കുടിശ്ശിക തുക ഉൾപ്പെടെയുള്ള ചെലവുകൾക്കായി ബഡ്ജറ്റിൽ തുക വകയിരുത്താത്തതിനാൽ മേൽ ശീർഷകത്തിൽ

1 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 13)

**<u>സ്വീകരിച്ച നടപടി</u>**

ആകെ ചെലവായത് 1,11,42,572/- രൂപയാണ്. ചെലവ് ധനപുനഃവിനിയോഗം വഴി കണ്ടെത്തിയിട്ടുണ്ട്.

**<u>ശിപാർശ</u>**

4216-80-190-96 - <u>ഗൃഹശ്രീ ഭവന പദ്ധതി</u>

വിവിധ ഗ്രാമപഞ്ചായത്തുകളിൽ പ്ലാൻ ഫണ്ട് അനുവദിച്ച് നടപ്പിലാക്കിവരുന്ന ഗൃഹശ്രീ ഭവന നിർമ്മാണ പദ്ധതി ആനുകൂല്യം കൂടുതൽ പേർക്ക് നൽകുന്നതിലേക്ക് നിലവിലെ വിഹിതത്തിന് പുറമേ 60 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 14)

**<u>സ്വീകരിച്ച നടപടി</u>**

2023-24 സാമ്പത്തിക വർഷം 1245 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തിയതിൽ 473 ലക്ഷം രൂപ അനുവദിച്ചു. തുക പൂർണ്ണമായും വിനിയോഗിക്കാനുള്ള നടപടികൾ ബോർഡിൽ നിന്നും പൂർത്തീകരിച്ചുവെങ്കിലും 31.03.2024 തീയതിവരെ ധനകാര്യ വകുപ്പിൽ നിന്നും 414.50 ലക്ഷം രൂപയ്ക്ക് മാത്രമാണ് ക്ലിയറൻസ് ലഭിച്ചത്. 58.50 ലക്ഷം രൂപ സാമ്പത്തിക വർഷാവസാനം resume ചെയ്തിരുന്നു.

**<u>ശിപാർശ</u>**

4216-80-201-98 - <u>ഉദ്യോഗസ്ഥകളുടെ പാർപ്പിടം (60% കേന്ദ്ര വിഹിതം)</u>

(02) - <u>വനിതാ ജീവനക്കാർക്ക് വേണ്ടിയുള്ള ഹോസ്റ്റൽ (40% സംസ്ഥാന വിഹിതം)</u>

വനിതാ ജീവനക്കാർക്കുള്ള ഹോസ്റ്റൽ നിർമ്മാണത്തിന് ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 2.6350 കോടി രൂപ

ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 15)

**സ്വീകരിച്ച നടപടി**

2023-24 സാമ്പത്തിക വർഷം 1 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തിയെങ്കിലും തുക അനുവദിച്ചിരുന്നില്ല. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി 8.85 കോടി രൂപയുടെ ഭരണാനുമതി നൽകിയെങ്കിലും കേന്ദ്രാനുമതിയും കേന്ദ്ര വിഹിതവും ലഭ്യമാക്കാത്തതിനാൽ തുക റിലീസ് ചെയ്ത് നൽകിയിട്ടില്ല.

**ശിപാർശ**

4216-80-201-93 - സ്ത്രീകൾക്കുള്ള പേയിംഗ് ഗസ്റ്റ് ഹോസ്റ്റൽ

സ്ത്രീകൾക്കുള്ള പേയിംഗ് ഗസ്റ്റ് ഹോസ്റ്റൽ നിർമ്മാണത്തിനായി 2023-24 സാമ്പത്തിക വർഷം 1000 ലക്ഷം രൂപ ആവശ്യപ്പെട്ടതിൽ 100 ലക്ഷം രൂപയാണ് ബജറ്റിൽ വകയിരുത്തിയ തുക. ഇത് അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 9 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 16)

**സ്വീകരിച്ച നടപടി**

2023-24 സാമ്പത്തിക വർഷം 100 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തിയെങ്കിലും തുക അനുവദിച്ചിട്ടില്ല.

**ശിപാർശ**

6216-80-190-97 - സർക്കാർ ജീവനക്കാർക്കായുള്ള കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ ഭവന വായ്പാ പദ്ധതി

സർക്കാർ ജീവനക്കാർക്കായുള്ള കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ പുതിയ ഭവനനിർമ്മാണ പദ്ധതിയാണിത്. ഈ ഭവന വായ്പാ പദ്ധതി പ്രകാരം നടപ്പ് വർഷം

250 പേർക്ക് ഭവന വായ്പ നൽകാൻ ഉദ്ദേശിക്കുന്നതിനാൽ ബജറ്റ് വിഹിതത്തിന് പുറമേ ഈ ശീർഷകത്തിൽ 98 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 17)

## സ്വീകരിച്ച നടപടി

2023-24 സാമ്പത്തിക വർഷം 200 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തിയതിൽ 76 ലക്ഷം രൂപ അനുവദിച്ചു. പ്രസ്തുത പദ്ധതി പ്രകാരം അപേക്ഷകൾ ഓൺലൈൻ മുഖേന ക്ഷണിച്ചിരുന്നുവെങ്കിലും മതിയായ അപേക്ഷകൾ ലഭിക്കാതിരുന്നതിനാലും ലഭിച്ച അപേക്ഷകൾ അപൂർണ്ണമായതിനാലും പരിഗണിക്കാൻ സാധിച്ചില്ല. പദ്ധതിയുടെ മാനദണ്ഡങ്ങളിൽ കുറച്ചുകൂടി ഇളവുകൾ വരുത്തി നടപ്പ് സാമ്പത്തിക വർഷം (2024-25) പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

## ശിപാർശ

എം. എൻ. ലക്ഷം വീട് പുനരുദ്ധാരണ പദ്ധതി (പുതിയ പദ്ധതി)

എം. എൻ. ലക്ഷം വീട് പുനരുദ്ധാരണ പദ്ധതിക്കായി 2023-24 സാമ്പത്തിക വർഷം 20 കോടി രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും തുകയൊന്നും ബജറ്റിൽ വകയിരുത്തിയിട്ടില്ല. ഇരട്ട വീടുകൾ ഒറ്റ വീടുകൾ ആക്കുന്നതിന് ഒരു വീടിന് 5 ലക്ഷം രൂപ നിരക്കിൽ തുക കണക്കാക്കി ഇതിൽ 2 ലക്ഷം രൂപ സർക്കാർ സബ്സിഡിയും 2 ലക്ഷം രൂപ സ്പോൺസർഷിപ്പ് മുഖേനയും, 1 ലക്ഷം രൂപ അതാത് പഞ്ചായത്ത് മുഖേനയും വകയിരുത്തിക്കൊണ്ട് 5 വർഷത്തിനുള്ളിൽ പദ്ധതി പ്രവൃത്തി പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. ആയതിനാൽ ഈ പദ്ധതിക്കായി പുതിയ ശീർഷകം സൃഷ്ടിച്ച് 2023-24 സാമ്പത്തിക വർഷം തന്നെ 20 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 18)

**സ്വീകരിച്ച നടപടി**

എം. എൻ. ലക്ഷം വീട് പുനരുദ്ധാരണ പദ്ധതിക്കായി 2023-24 സാമ്പത്തിക വർഷം 20 കോടി രൂപ അനുവദിക്കുന്നതിനായി പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചപ്പോൾ 2024-25 സാമ്പത്തിക വർഷം 4216-80-800-94 എന്ന ശീർഷകത്തിൽ പ്രസ്തുത പദ്ധതിക്കായി 10 കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്നും ആയതിനാൽ ഭരണാനുമതി നൽകിയ ശേഷം ഫണ്ട് റിലീസിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്.

**ശിപാർശ**

ഭവന മേഖലയ്ക്കായി ഒരു മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിച്ച് ഹോസ്റ്റ് ചെയ്യുന്നത്-ഇ-ഗൃഹ (പുതിയ പദ്ധതി)

ഭവന മേഖലയ്ക്കായി ഒരു മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിച്ച് ഹോസ്റ്റ് ചെയ്യുന്നതിന് ഉദ്ദേശിക്കുന്നതിനാൽ ഈ പദ്ധതിയുടെ (ഇ-ഗൃഹ) നടത്തിപ്പിനായി പുതിയ ശീർഷകം അനുവദിക്കണമെന്നും ആയതിലേയ്ക്ക് 30 ലക്ഷം രൂപ വകയിരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 19)

**സ്വീകരിച്ച നടപടി**

ഇ-ഗൃഹ പദ്ധതിക്കായി 2216-80-001-96 എന്ന ശീർഷകത്തിൽ 30 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തുകയും പ്രസ്തുത തുകയ്ക്ക് ഭരണാനുമതി നൽകുകയും ഈ പദ്ധതിക്കായി 4,41,320/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഇ-ഗൃഹ പദ്ധതിയുടെ ഭാഗമായി 8,82,640/- രൂപയുടെ ബിൽ Ways and Means clearance-നായി കൊടുത്തിരുന്നുവെങ്കിലും കഴിഞ്ഞ സാമ്പത്തിക വർഷം clearance ലഭ്യമാകാത്തതിനാൽ തുക ചെലവഴിക്കാൻ സാധിച്ചില്ല.

**ശിപാർശ**

2225-04-001-99 - നൃൂനപക്ഷക്ഷേമം - ഭരണവും നടത്തിപ്പും - നടത്തിപ്പ്

12 - സ്കോളർഷിപ്പുകളും സ്റ്റൈപ്പെൻഡുകളും

16.07.2021-ലെ സർക്കാർ ഉത്തരവ് പ്രകാരം ന്യൂനപക്ഷ ക്ഷേമ പദ്ധതികളുടെ ആനുകൂല്യം ന്യൂനപക്ഷ വിഭാഗങ്ങൾക്കിടയിൽ വിതരണം ചെയ്യുന്നതിനും നിലവിലെ ആനുകൂല്യം ലഭിക്കുന്ന വിഭാഗങ്ങൾക്ക് തുകയിലോ എണ്ണത്തിലോ കുറവ് വരാതെ വിതരണം ചെയ്യുന്നതിനും ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 2.85 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 33)

**സ്വീകരിച്ച നടപടി**

അധിക തുക അനുവദിച്ചിട്ടില്ല.

**ശിപാർശ**

97 – വാഹനങ്ങളുടെ വാടക

ന്യൂനപക്ഷ ക്ഷേമ വകുപ്പിൽ ഔദ്യോഗിക ആവശ്യങ്ങൾക്കായി വാടകയ്ക്കെടുത്ത വാഹനങ്ങളുടെ വാടക തുക നൽകുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 2.50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 34)

**സ്വീകരിച്ച നടപടി**

അധിക തുക അനുവദിച്ചിട്ടില്ല.

**ശിപാർശ**

99 - വിവര സാങ്കേതിക വിദ്യ

നാഷണൽ ഇൻഫർമാറ്റിക് സെന്റർ മുഖേന മാനേജ് ചെയ്യുന്ന വെബ് പോർട്ടലിന്റെ സംരക്ഷണ ചെലവുകൾ, സോഫ്റ്റ്‌വെയർ ഓഡിറ്റ് ചെലവുകൾ, സ്കോളർഷിപ്പ് വിതരണം, ഇ-ഗ്രാന്റ്സ് മുഖേനയുള്ള ചെലവുകൾ എന്നിവയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 8 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 35)

**സ്വീകരിച്ച നടപടി**

07.10.2023-ലെ G.O.(Rt) No. 7073/2023/Fin. നമ്പർ ഉത്തരവ് പ്രകാരം 70,000/- രൂപ അധിക ധനാനുമതിയായി അനുവദിച്ചിട്ടുണ്ട്.

**ശിപാർശ**

2225-04-102-92 - ജസ്റ്റിസ് സച്ചാർകമ്മിറ്റിയുടെ ശിപാർശകളിൻമേലുള്ള പദ്ധതികളുടെ നടപ്പാക്കൽ

34 - മറ്റു ചെലവുകൾ - 3 - മറ്റിനം

24 ന്യൂനപക്ഷ യുവജന പരിശീലന കേന്ദ്രങ്ങളുടേയും 32 ഉപകേന്ദ്രങ്ങളുടേയും നടത്തിപ്പ് ചെലവ്, ഫാക്കൽറ്റി ചെലവ് എന്നിവ വഹിക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 1 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 36)

**സ്വീകരിച്ച നടപടി**

12.03.2024-ലെ G.O.(Rt) No. 2329/2024/Fin. നമ്പർ ഉത്തരവ് പ്രകാരം 1,50,000/- രൂപയും 22.03.2024-ലെ G.O.(Rt) No. 2832/2024/Fin. നമ്പർ ഉത്തരവ് പ്രകാരം 78,50,000/- രൂപയും ചേർത്ത് ആകെ 80,00,000/- രൂപ അധിക ധനാനുമതിയായി അനുവദിച്ചിട്ടുണ്ട്.

**ശിപാർശ**

2225-04-102-91 - സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ

31 - സഹായധനം ശമ്പളം

വാർഷിക വേതന വർദ്ധനവ്, ടി.എ./ഡി.എ., ശമ്പള കുടിശ്ശിക, ഡി.എ. വർദ്ധനവ് എന്നീ ഇനങ്ങളിലുള്ള ചെലവുകൾക്ക് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 1.3267 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 37)

**സ്വീകരിച്ച നടപടി**

ശമ്പള ഇനത്തിൽ അധിക തുക അനുവദിച്ചിട്ടില്ല. എന്നാൽ 25.03.2024-ലെ സ.ഉ.(സാധാ) നം.1399/2024/പൊ.ഭ.വ. ഉത്തരവുപ്രകാരം ശമ്പളേതര ഇനത്തിൽ നിന്നും 17.66 ലക്ഷം രൂപ ശമ്പള ഇനത്തിലേയ്ക്ക് പുനർവിനിയോഗം മുഖേന അനുവദിച്ച് നൽകിയിട്ടുണ്ട്.

**ശിപാർശ**

36 - സഹായധനം ശമ്പളേതരം

ജില്ലാ കോൺഫറൻസുകൾ, സെമിനാറുകൾ, സിറ്റിംഗുകൾ, ഗവേഷണങ്ങൾ എന്നിവ നടത്തുന്നതിനും എല്ലാ ശമ്പളേതര ഇനങ്ങളിലുമുള്ള ചെലവുകൾ വഹിക്കുന്നതിനുമായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 45.79 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 38)

**സ്വീകരിച്ച നടപടി**

അധിക തുക അനുവദിച്ചിട്ടില്ല.

## ഭാഗം II

2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിൽ ആകെ 78 ശിപാർശകളാണുണ്ടായിരുന്നത്. അതിൽ 21 ശിപാർശകൾക്കുള്ള മറുപടി സർക്കാരിൽ നിന്നും ലഭിച്ചു. 57 ശിപാർശകളിൻമേൽ ഇനിയും മറുപടി ലഭിക്കാനുണ്ട്.

സർക്കാരിൽ നിന്നും മറുപടി ലഭിച്ചിട്ടില്ലാത്ത ശിപാർശകളെ സംബന്ധിച്ച വിവരങ്ങളാണ് ചുവടെ ചേർത്തിട്ടുള്ളത്.

| ധനാഭ്യർത്ഥന നം. | ശിപാർശ/ഖണ്ഡിക നം. | വകുപ്പ് |
|---|---|---|
| XXII | 20-32 | തദ്ദേശസ്വയംഭരണ വകുപ്പ് |
| XXVIII | 39, 40 | തദ്ദേശസ്വയംഭരണ വകുപ്പ് |
| XXXV | 41-57 | തദ്ദേശസ്വയംഭരണ വകുപ്പ് |
| XXXVI | 58-78 | തദ്ദേശസ്വയംഭരണ വകുപ്പ് |

എം. ബി. രാജേഷ്,
*അദ്ധ്യക്ഷൻ,*
*സബ്ജക്ട് കമ്മിറ്റി IX.*

തിരുവനന്തപുരം,
2024, ജൂലൈ 4.